## പ്രധാനമന്ത്രി  റഷ്യന് പ്രസിഡണ്ട് വ്ലാഡിമിര് പുടിനുമായി നടത്തിയ ടെലിഫോണ് സംഭാഷണം

മാര്ച്ച്  18, 2014

റഷ്യന് പ്രസിഡണ്ട് വ്ലാഡിമിര് പുടിന് പ്രധാനമന്ത്രിയുമായി ഇന്ന് വൈകീട്ട്  7.30 നു ടെലിഫോണ് സംഭാഷണം  നടത്തുകയും ഉക്രെയിനിലെ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥിതിവിശേഷങ്ങളെയും ക്രിമിയയില് അടുത്തയിടെ നടന്ന ജനഹിതപരിശോധനയെ കുറിച്ചും ചര്ച്ച ചെയ്യുകയുണ്ടായി . ഉക്രെയിനില് അടുത്തയിടെ നടന്ന മാറ്റങ്ങളുമായി ബന്ധപ്പെട്ടു റഷ്യയുടെ നിലപാട് വിവരിച്ചതിന് പ്രധാനമന്ത്രി ,  പ്രസിഡണ്ട് പുടിനു നന്ദി പറഞ്ഞു . ഐക്യം , രാജ്യങ്ങളുമായുള്ള പ്രാദേശികമായ സമന്വയം തുടങ്ങിയ  വിഷയങ്ങളില് ഇന്ത്യ നിരന്തരമായി തുടരുന്ന നിലപാടിനെ കുറിച്ച് അദ്ദേഹം ഊന്നി പറഞ്ഞു .  മേഖലയിലെ എല്ലാ രാജ്യങ്ങളുടെയും നീതിപൂര്വ്വകമായ താത്പര്യങ്ങള് സംരക്ഷിക്കുന്നതും ദീര്ഘകാലം യൂറോപ്പിലും അതിനുമപ്പുറത്തും  ശാന്തിയും സ്ഥിരതയും ഉറപ്പ് വരുത്തുന്നതുമായ  രാഷ്ട്രീയപരമായും നയതന്ത്രപരമായുമുള്ള  പരിഹാരങ്ങള്ക്കു എല്ലാ വശങ്ങളില് നിന്നും സംയമനം പരിശീലിക്കുകയും ഒരുമിച്ച് നിന്നു കൊണ്ട് പ്രവര്ത്തിക്കുകയും ചെയ്യുമെന്നുള്ള പ്രതീക്ഷ  പ്രധാനമന്ത്രി പ്രകടിപ്പിച്ചു .

പ്രധാനമന്ത്രിയും പ്രസിഡണ്ട് പുടിനും ഇന്ത്യയും റഷ്യയും തമ്മില് ഉള്ള വളരെ അടുത്തതും പരസ്പരം പ്രയോജനകരവുമായ പങ്കാളിത്തത്തെയും കുറിച്ചു ചര്ച്ച ചെയ്യുകയും ഇരു രാജ്യങ്ങളും തങ്ങളുടെ പ്രത്യേകവും  വിശിഷ്ടമായതുമായ  തന്ത്രപ്രധാന പങ്കാളിത്തത്തിലെ  പ്രാധാന്യം വീണ്ടും ഉറപ്പിച്ചുപറയുകയും

ചെയ്തു.  ഇന്ത്യ -റഷ്യ തന്ത്രപ്രധാന പങ്കാളിത്തം അടുത്ത് കാലങ്ങളില് കൂടുതല് ശക്തമാക്കുന്നതിനും കൂടുതല് ആഴമുള്ളതാക്കുന്നതിനുമായി  വ്യക്തിപരമായ നേതൃത്വം നല്കിയതിന് പ്രസിഡണ്ട് പുടിനു പ്രധാനമന്ത്രി നന്ദി പറഞ്ഞു .

ന്യൂഡെല്ഹി
മാര്ച്ച് 18, 2014